നമ്പർ എച്ച്2/5594/22/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം, തീയതി. 19.07.2022

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം – ജീവനം – തസ്തികനിർണയം 2022-23 – മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന : 1) എസ്.ആർ.ഒ.നമ്പർ 375/2022 തിയതി 20/04/2022

2) സർക്കാർ കത്ത് നം ജെ2/ 18/2022 തിയതി 14/07/2022

3).സ.ഉ. നം.(കൈ) നം. 136/2021/പൊ.വി.വ. തിയതി 31/03/2021

4).സ.ഉ. നം.(അ) നം. 08/2022/പൊ.വി.വ. തിയതി 14/07/2022

5) ഈ ഓഫീസിലെ 30/05/2022 ലെ കത്ത് നമ്പർ എച്ച് 2/5594/2022

6) ഈ ഓഫീസിലെ 15/07/2022 ലെ സർക്കുലർ നമ്പർ എച്ച് 2/5594/2022

പരാമർശം (1) പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതിയിലൂടെ നിയമ പ്രാബല്യം നൽകിയ സമന്വയ മുഖേനയാണ് 2022-23 വർഷവും സർക്കാർ/ എയിഡഡ് സ്കൂളുകളുടെ തസ്തിക നിർണ്ണയം നടത്തുന്നത് . 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള മാർഗനിർദേശങ്ങളാണ് ഈ സർക്കുലറിന്റെ ഉള്ളടക്കം. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളുടെയും തസ്തിക നിർണയ ഉത്തരവ് സൂചന (2) പ്രകാരം 2022 ജൂലൈ 31 നകം പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിലെ നിർദ്ദേശമനുസരിച്ച് 2022 ജൂലൈ 31 നകം തന്നെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും, തസ്തികകളും ഡിവിഷനുകളും അനുവദിക്കുന്ന കെ.ഇ.ആർ ചട്ടങ്ങളും, പൊതു ഉത്തരവുകളും വ്യക്തതയോടെ ഉൾക്കൊണ്ടുകൊണ്ടുമാകണം ഈ വർഷത്തെ തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

1. **<u>2022-23 വർഷം സമന്വയ വഴിയല്ലാതെ മാന്വൽ ആയി തസ്തിക നിർണ്ണയം നടത്തേണ്ട സ്കൂളുകൾ</u>**

2019-20 വർഷത്തിൽ സമന്വയ വഴിയല്ലാതെ തസ്തിക നിർണ്ണയം നടത്തിയ സ്കൂളുകളിലെ (1.ഓറിയന്റൽ സ്കൂളുകൾ , 2.കന്നട/തമിഴ് മീഡിയം പാരലൽ ഡിവിഷനുകൾ ഉള്ള സ്കൂളുകളും, പ്രത്യേക സർക്കാർ - ഉത്തരവ് വഴി ഇംഗ്ലീഷ് മലയാളം മീഡിയം ക്ലാസുകൾക്ക് വെവ്വേറെ ഡിവിഷനുകളും തസ്തികയും അനുവദിക്കുന്ന സ്കൂളുകളും. 3. സ്പെഷ്യൽ സ്കൂളുകൾ 4. റ്റി.റ്റി.ഐ കൾ (ഫീഡിംഗ് സ്കൂൾ ഉൾപ്പെടെ) 5.ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ) ഈ വർഷത്തെ തസ്തിക നിർണ്ണയം കൂടി മാന്വൽ ആയി നടത്തി ഉത്തരവ് നൽകേണ്ടതാണ്. വരും വർഷങ്ങളിൽ ഇവയെല്ലാം സമന്വയ വഴി തന്നെ നടത്തുന്നതാണ്. ഇത്തരം സ്കൂളുകളിലും അധിക ഡിവിഷൻ/തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് വായന 1 പ്രകാരം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയനുസരിച്ച് മാന്വലായി തന്നെ നടപടി സ്വീകരിക്കേണ്ടതും കെ.ഇ.ആർ അദ്ധ്യായം 23 ചട്ടം 12(4) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ഉത്തരവ് പറപ്പെടുവിക്കേണ്ടതുമാണ്. ഏതെങ്കിലും സ്കൂളുകൾക്ക് എന്തെങ്കിലും കാരണവശാൽ സമന്വയ വഴി തസ്തിക നിർണ്ണയം നടത്താൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത വിഷയം വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശ്രദ്ധയിൽപെടുത്തി പരിഹാരം തേടേണ്ടാതണ്. സമന്വയ വഴി തസ്തിക നിർണ്ണയം നടത്താൻ കഴിയാതിരുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

പ്രഥമാധ്യാപകർ വിവരങ്ങൾ സമർപ്പിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ തസ്തികനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കണം. സ്കൂളുകളിൽ നിന്നുള്ള വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ തന്നെ ഓരോ ഓഫീസിന്റെ പരിധിയിലും എത്ര സ്കൂളുകളിൽ അധിക ഡിവിഷനുകളും തസ്തികകളും ലഭ്യമാണെന്ന് ഓഫീസർമാർക്ക് അറിയാൻ കഴിയുന്നതാണ്. ഈ വിദ്യാലയങ്ങളിൽ ആകസ്മിക സന്ദർശനം നടത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ശുപാർശ ചെയ്യാനുള്ളതിനാൽ ഇത്തരം വിദ്യാലയങ്ങളുടെ ഫയലുകൾ മുൻഗണനാക്രമത്തിൽ എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>തസ്തിക നിർണ്ണയം 2022-23 വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടത്</u>**

2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിനായുള്ള പ്രൊപ്പോസലുകൾ സമന്വയ വഴി ഇതിനകം ലഭിച്ചിട്ടുണ്ടാകും . ഈ സർക്കുലർ ലഭിച്ച ഉടൻ തന്നെ ബന്ധപ്പെട്ട ഓഫീസർമാർ ഈ തസ്തിക നിർണ്ണയ അപേക്ഷകൾ അതാത് സെക്ഷൻ ക്ലാർക്ക് മാർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. തുടർന്ന് വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും , ലഭ്യമായ അക്കോമഡേഷന്റെ അടിസ്ഥാനത്തിലും ലഭ്യമാകുന്ന ഡിവിഷനുകളും തസ്തികകളും സമന്വയയിൽ കാണിക്കുന്നതാണ്. ആയത് പരിശോധിച്ച് അനുവദിക്കാവുന്ന ഡിവിഷനുകൾ ആദ്യം രേഖപ്പെടുത്തി, കൺഫേം ചെയ്ത് തുടർന്ന് തസ്തികകൾ കൺഫേം ചെയ്ത് നോട്ട് സഹിതം മേലധികാരികൾ മുഖേന ഓഫീസർക്ക് ഫയൽ അയക്കേണ്ടതാണ്. അധിക ഡിവിഷനുകളും

തസ്തികകളും സർക്കാർ അനുമതിയോടെ മാത്രമേ അനുവദിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ പരാമർശം (1) ഭേദഗതിയുടെ അടിസ്ഥാനത്തിൽ സന്ദർശനം നടത്തി വിശദമായി പരിശോധന നടത്തി സമന്വയ വഴി ഡയറക്ടർക്ക് ശുപാർശ നൽകേണ്ടതാണ്. ഇതിനുള്ള സംവിധാനം സമന്വയയിൽ ലഭ്യമാണ്. **2019-20 അധ്യയന വർഷം അനുവദിക്കപ്പെട്ട ഡിവിഷൻ/തസ്തികകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് 2022-23 വർഷത്തെ അധിക ഡിവിഷൻ/തസ്തികകൾ കണക്കാക്കുന്നത്. അതായത് 2019-20 വർഷം അനുവദിക്കപ്പെട്ടതിൽ അധികമായി ഡിവിഷനോ തസ്തികയോ അർഹമാണെന്ന് കണ്ടാൽ അത് അധിക ഡിവിഷൻ/തസ്തികയായി കണക്കാക്കേണ്ടതാണ്. അധിക ഡിവിഷൻ കണക്കാക്കുമ്പോൾ എൽ.പി, യു.പി., എച്ച് .എസ്. എന്നിവ പ്രത്യേക യൂണിറ്റായി കണക്കാക്കേണ്ടതാണ്.** നിശ്ചിത സമയ പരിധിക്കകം അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, അധിക തസ്തിക/ഡിവിഷൻ ശുപാർശ ചെയ്യുന്ന സ്കൂളുകളിൽ ശുപാർശ സംബന്ധിച്ച വിവരം അനുബന്ധം മൂന്ന് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾച്ചേർക്കേണ്ടതുമാണ്. സമന്വയയിലെ ഉത്തരവിൽ ഇപ്രകാരം ലഭ്യമാണ്. അധിക ഡിവിഷൻ സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർ നടത്തുന്ന സന്ദർശനത്തിന്റെ റിപ്പോർട്ട് സമന്വയയിൽ നൽകുമ്പോൾ ഹാജരുള്ളതും ഹാജരില്ലാത്തതുമായ എല്ലാ വിദ്യാർത്ഥികളുടെയും രേഖകൾ പരിശോധിക്കേണ്ടതാണ്. **വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തുന്ന ദിവസം ഹാജരില്ല എന്ന കാരണത്താൽ മാത്രം ഒരു വിദ്യാർത്ഥിയും തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാതിരിക്കരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.** ഹാജരില്ലാത്ത വിദ്യാർത്ഥികളെയും അതിൽ തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടാത്തവരുണ്ടെങ്കിൽ അവരുടെയും പേര് വിവരം സമന്വയയിൽ രേഖപ്പെടുത്തുന്നതിന് സംവിധാനമുണ്ട്. സമ്പൂർണ്ണയിൽ യു.ഐ.ഡി. വാലിഡേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (5) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആറാം പ്രവൃത്തി ദിവസത്തിലും യു.ഐ.ഡി. ഇൻവാലിഡേറ്റ് ആയിട്ടുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഈ വിദ്യാർത്ഥികളെ ഇക്കാരണത്താൽ മാത്രം തസ്തിക നിർണ്ണയത്തിന് പരിഗണിക്കാതിരിക്കാൻ കഴിയില്ല. ആയതിനാൽ ഈ വിദ്യാർത്ഥികളെ യു.ഐ.ഡി. ഇല്ലാത്ത വിദ്യാർത്ഥികൾ എന്ന് കണക്കാക്കി അവരുടെ കൂടി ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ അവരെ കൂടി തസ്തിക നിർണ്ണയത്തിന് പരിഗണിക്കേണ്ടതാണ്. അധിക ഡിവിഷൻ/തസ്തിക വരുന്ന സ്കൂളുകളിൽ വിദ്യാഭ്യാസ ഓഫീസർമാരുടെ സ്കൂൾ സന്ദർശന സമയത്ത് ഇത്തരം വിദ്യാർത്ഥികളുടെ ആധികാരീകത(Genuiness) കൂടി പരിശോധിക്കേണ്ടതാണ്. അധിക ഡിവിഷൻ/തസ്തിക ലഭ്യമല്ലാത്ത സ്കൂളുകളിൽ യു.ഐ.ഡി. ഇല്ലാത്തതും യു.ഐ.ഡി. ഇൻവാലിഡേറ്റ് ആയതുമായ വിദ്യാർത്ഥികളെ പിന്നീട് ബോഗസ് ആണെന്ന് കണ്ടെത്തിയാൽ ചട്ടപ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. വിദ്യാർത്ഥികളിൽ എല്ലാവർക്കും യു.ഐ.ഡി. ഉണ്ടായിരിക്കുകയും എന്നാൽ ഏതെങ്കിലും വിദ്യാർത്ഥികളുടെ യു.ഐ.ഡി. ഇൻവാലിഡേറ്റഡ് ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഡിക്ലറേഷൻ (പ്രഥമാധ്യാപകർ ഇ-മെയിൽ ആയി അയക്കുന്ന ഡിക്ലറേഷൻ) അതാത് ഓഫീസിൽ ബന്ധപ്പെട്ട തസ്തിക നിർണ്ണയ ഫയലിൽ

അറ്റാച്ച് ചെയ്ത് നടപടി സ്വീകരിക്കേണ്ടതുമാണ്. **അധിക ഡിവിഷൻ സംബന്ധിച്ച് വിദ്യാഭ്യാസ ആഫീസർമാർ സ്കൂളുകൾ സന്ദർശിക്കുമ്പോൾ അക്കോമഡേഷൻ സൌകര്യങ്ങൾ പരിശോധിക്കേണ്ടതും, അക്കോമഡേഷനിൽ ഏതെങ്കിലും വ്യത്യാസം കണ്ടെത്തിയാൽ ആ വിവരം (കെട്ടിടത്തിന്റെ തരം, അളവുകൾ, ലഭ്യമായതും പ്രവർത്തിക്കുന്നതുമായ ക്ലാസ്സ് മുറികൾ, ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ, മറ്റ് പ്രധാന വസ്തുതകൾ) പ്രത്യേകം നോട്ട് ചെയ്യേണ്ടതും ആയതിനനുസരിച്ച് സമന്വയയിലെ തസ്തിക നിർണ്ണയ ഫയലിൽ അക്കോമഡേഷൻ ഭാഗത്ത് മാറ്റങ്ങൾ വരുത്തേണ്ടതമാണ്.** സ്കൂൾ സന്ദർശന റിപ്പോർട്ട് മാതൃക സമന്വയയിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

മാന്വലായി തസ്തിക നിർണ്ണയം ചെയ്യുന്ന സ്കൂളുകളിൽ അനുബന്ധം-3 നോടൊപ്പം തസ്തിക നിർണ്ണയ ഉത്തരവ് (അധിക തസ്തിക അനുവദിക്കാതെയുള്ള) ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതാണ്.

**തസ്തിക നിർണ്ണയം സംബന്ധിച്ച ചില പ്രധാന കാര്യങ്ങൾ**

**1) അധ്യാപക വിദ്യാർത്ഥി അനുപാതം**

**2019-20 വർഷം തസ്തിക നിർണ്ണയത്തിന് സ്വീകരിച്ച അതേ അധ്യാപക വിദ്യാർത്ഥി അനുപാതമാണ് 2022-23 ലും സ്വീകരിക്കുന്നത്.**

i) I മുതൽ V വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 1 മുതൽ30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8...എന്ന ക്രമത്തിൽ |

**(121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത് എന്ന കാര്യം ശ്രദ്ധിക്കുക)**

ii) VI മുതൽ VIII വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|

| | |
|---|---|
| 1 മുതൽ 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |
| 141 മുതൽ 175 വരെ | 5 എന്ന ക്രമത്തിൽ |

iii) IX, X ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 1 മുതൽ 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 എന്ന ക്രമത്തിൽ |

---

**ഹെഡ്ടീച്ചർ തസ്തിക**

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII, ചട്ടങ്ങൾ 1(b)(iii), 5(iv) എന്നിവ പ്രകാരം സർക്കാർ, എയ്ഡഡ് എൽ.പി, യു.പി. സ്കൂളുകളിൽ താഴെ പറയുന്ന ക്രമത്തിൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഒരു അധിക എൽ.പി.എസ്.ടി /യു.പി.എസ്.ടി തസ്തിക അനുവദിക്കേണ്ടതാണ്.

**എൽ. പി. സ്കൂളുകൾ**

1 മുതൽ IV വരെയോ, I മുതൽ V വരെയോ ഉള്ള ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ,

**യു.പി. സ്കൂളുകൾ**

**i) V മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

**ii) I മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ**

I മുതൽ Vവരെ ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

അല്ലെങ്കിൽ V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

**ഗ്രൂപ്പ് 'സി' ഡൈവെർഷൻ**

ഗ്രൂപ്പ് 'സി' വിഷയങ്ങളിൽ നിന്നുള്ള പീരീഡുകൾ കൂടി ഉപയോഗിച്ച് ഭാഷാവിഷയങ്ങളിൽ ഫുൾടൈം തസ്തിക അനുവദിച്ചിരുന്ന നടപടി 2010-11 വർഷം വരെ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. (4.11.2010 ലെ ജി.ഒ (എം.എസ്) നമ്പർ 220/2010/പൊ.വി.വ.) 2011-12 മുതൽ ഇപ്രകാരം ഫുൾടൈം തസ്തിക പുതുതായി സൃഷ്ടിക്കാനാവില്ല, എന്നാൽ 2010-11 വരെ ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴി ഫുൾടൈം തസ്തിക സൃഷ്ടിച്ച് അതിൽ തുടർന്നിരുന്ന അധ്യാപകർക്ക് അവർ സർവീസിൽനിന്നു വിരമിക്കുന്നതുവരെ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണ്. അവരുടെ വിരമിക്കലിനുശേഷം തസ്തിക പാർട് ടൈം ആയി മാറുന്നതാണ്.

## ഫുൾടൈം ബനഫിറ്റ്

ഭാഷാധ്യാപകർക്ക് ഫുൾടൈം ബെനഫിറ്റ് നൽകുമ്പോൾ അവർക്ക് ഫുൾടൈം ജോലി കൂടി ഉറപ്പുവരുത്തണമെന്ന് 02-05-1973 ലെ ജി.ഒ.(എം.എസ്) നമ്പർ 62/73 ഉത്തരവിൽ നിർദേശമുണ്ട്. ആയതിനാൽ ഫുൾടൈം ബെനഫിറ്റ് നൽകുന്ന ഭാഷാധ്യാപകരുടെ സേവനം സമീപ സ്കൂളുകളുമായി (പ്രസ്തുത വിഷയം പഠിപ്പിക്കാൻ വേണ്ടി മാത്രം) ക്ലബ്ബ് ചെയ്യേണ്ടതാണ്. സമീപ സ്കൂളുകളിലൊന്നും ക്ലബ് ചെയ്യാൻ കഴിയുന്നില്ല എന്ന കാരണത്താൽ ആർക്കും ഫുൾടൈം ബനഫിറ്റ് അനുവദിക്കാത്ത അവസ്ഥയുണ്ടാക്കുകയുമരുത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ അധ്യാപകർക്ക് അവരുടെ സ്കൂളിൽതന്നെ ഫുൾടൈം ആയി ജോലി നൽകാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തണം. ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തുകയും വേണം. 02-05-1973 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തെ തുടർച്ചയായ സർവീസും 8 പീരീഡ് ജോലിയുമുള്ള ഭാഷാധ്യാപകർക്കാണ് ഫുൾടൈം ബനഫിറ്റ് നൽകുന്നത്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച്, 8 പീരീഡ് ജോലിയുള്ള ഭാഷാധ്യാപകർക്ക് തുടർച്ചയായ 5 വർഷം തികയുന്ന തീയതിയുടെ അടുത്ത ദിവസം മുതൽ ഫുൾടൈം ബെനഫിറ്റിന് അർഹതയുണ്ടാകുമെന്ന് (അധ്യാപകന്റെ പേരും സർവീസും തീയതിയും എല്ലാം ചേർത്ത്) തസ്തികനിർണയ ഉത്തരവിൽ മുൻകൂട്ടി തന്നെ രേഖപ്പെടുത്തുകയെന്നതാണ് ശരിയായ മാർഗം. 2022 ജൂലൈ 15 മുതൽ 2023 ജൂലൈ 14 വരെയുള്ള കാലയളവിൽ ഫുൾടൈം ബെനഫിറ്റിനു അർഹതയെത്തുന്നവരുടെ പേരുവിവരം ചേർക്കേണ്ടത് 2022-23 ലെ തസ്തിക നിർണയ ഉത്തരവിലാണെന്നത് പ്രത്യേകം ഓർക്കുക. ഇപ്രകാരം മുൻകൂട്ടി ഇത് അറിയിച്ചാൽ അവർക്ക് പ്രസ്തുത തീയതി മുതൽ തന്നെ ഫുൾടൈം ആയി ജോലി നോക്കാൻ കഴിയും. ഈ തീയതിയെത്തുമ്പോൾ സേവനപുസ്തകം വരുത്തി പരിശോധിച്ച് 5 വർഷത്തെ തുടർച്ചയായ സർവീസ് ഉറപ്പുവരുത്തി ഫുൾടൈം അധ്യാപകരുടെ പ്രാരംഭ ശമ്പളം നൽകാനും പ്രയാസമുണ്ടാകില്ല.

## അധ്യാപക ബാങ്ക്

അധ്യാപക ബാങ്ക് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യം ജൂലൈ 15 ആയിരിക്കും. തസ്തിക നിർണ്ണയത്തിനുശേഷം ഡിവിഷൻ/തസ്തിക കുറവ് വരുന്ന തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നാൽ പ്രഥമാധ്യാപകർക്ക് ആയത് സമന്വയ മുഖേന റിപ്പോർട്ട് ചെയ്യാനും ആയതിനനുസരിച്ച് ചട്ടഭേദഗതി (കെ.ഇ.ആർ .അദ്ധ്യായം XXIII ചട്ടം 12(8) പ്രകാരം ഡിവിഷൻ/തസ്തിക കുറവ് വരുത്തുന്നതിനുമുള്ള സംവിധാനം സമന്വയയിൽ സജ്ജമാകുന്നതാണ്.

തസ്തിക നിർണയ ഉത്തരവിലെ റിമാർക്സ് പേജിൽ (Appendix ന്റെ 2- പേജ് ഇതിനായി ഉപയോഗിക്കാം) താഴെപറയുന്ന വിവരങ്ങൾ (ബാധകമാണെങ്കിൽ മാത്രം) നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

i) സ്കൂളിലെ എല്ലാ സംരക്ഷിതജീവനക്കാരുടെയും (അധ്യാപക പാക്കേജുവഴി നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, സ്ഥിരനിയമനത്തീയതി, പുനർവിന്യസിക്കപ്പെട്ട തീയതി, പുനർവിന്യസിക്കപ്പെട്ട സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

ii) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിൽ ഈ വർഷം തിരികെ വിളിക്കപ്പെടുന്നവരുടെ ലിസ്റ്റ്.

iii) അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം നൽകി, പൂൾ ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, പൂൾ ചെയ്യപ്പെട്ട തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

iv) ഫുൾടൈം ബെനഫിറ്റ് നൽകിയ നൽകുന്ന ഭാഷാധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി, ഫുൾടൈം ബനഫിറ്റ് നൽകിയ തീയതി മുതലായവ).

v) പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അധിക എൽ.പി.എസ്.ടി. /യു.പി.എസ്.ടി. തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ (ഇതിനകം ഈ തസ്തികയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ ആളിന്റെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ).

vi) 15.07.2022 മുതൽ തസ്തിക നഷ്ടമായി പുറത്താകുന്നതും സംരക്ഷണത്തിന് അർഹതയില്ലാത്തതുമായ ജീവനക്കാരുടെ ലിസ്റ്റ്.

vii) 15.07.2000 ലെ ജി.ഒ. (എം.എസ്) നമ്പർ 237/2000/പൊ.വി.വ., 15.05.2004 ലെ ജി.ഒ.(എം.എസ്) നമ്പർ 135/04/പൊ.വി.വ. എന്നിവ പ്രകാരം 2001-02 വരെ നിയമിതരായ ഹൈസ്കൂൾ അസിസ്റ്റന്റമാർക്ക് (മലയാളം) തസ്തിക അനുവദിക്കുമ്പോൾ സംസ്കൃതം, അറബ്, ഉറുദു തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളെ ഒഴിവാക്കേണ്ടതില്ല. സ്കൂളുകളിൽ ഈ ആനുകൂല്യം നൽകി തസ്തിക സംരക്ഷിച്ച് നിലനിർത്തിയിട്ടുള്ള അധ്യാപകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്. -

viii) മറ്റു പ്രസക്തമായ വിവരങ്ങൾ.

## ഫയലുകളുടെ പരിശോധന

2022-23 വർഷത്തെ തസ്തിക നിർണ്ണയ ഫയലുകളുടെ പരിശോധന ചട്ടപ്രകാരം നടത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശം പിന്നീട് നൽകുന്നതാണ്.

ഈ വർഷത്തെ തസ്തികനിർണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടാവുകയാണെങ്കിൽ അതാത് ജില്ലാ നോഡൽ ഓഫീസർമാരെയും, ജില്ലയുടെ ചുമതലയുള്ള അഡ്മിൻമാരെയും ബന്ധപ്പെട്ട് ഉടൻ പരിഹാരം കാണേണ്ടതാണ്.

2022-23 ലെ തസ്തികനിർണയവും പുനർവിന്യാസവും നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കുന്നതിന് ഏവരുടെയും നിസ്സീമമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം

സ്വീകർത്താവ്

സി.ഇ.ഒ, കൈറ്റ്, തിരുവനന്തപുരം

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

എല്ലാ സമന്വയ നോഡൽ ഓഫീസർമാർക്കും

## അനുബന്ധം 3

**(അധിക ഡിവിഷൻ/ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്ന ശുപാർശ).**

സ്കൂൾ :
സ്കൂൾ കോഡ് :
വിദ്യാഭ്യാസ ജില്ല/ഉപജില്ല :
ജില്ല :
സന്ദർശനം നടത്തിയ തീയ്യതി :

Details of strength as on the day of verification – ......../......./............(Date)

| ക്രമ നം | ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Strength of Sixth Working Day | | | | | | | | | | | |
| 2 | Re-admitted | | | | | | | | | | | |
| 3 | Present | | | | | | | | | | | |
| 4 | Reckoned for SF | | | | | | | | | | | |
| 5 | Absent | | | | | | | | | | | |
| 6 | Not Reckoned for SF from the absent * | | | | | | | | | | | |
| 7 | Strength for SF 4+(5-6) | | | | | | | | | | | |

*ഹാജരായതും ഹാജരാകാത്തതും ആയ വിദ്യാർത്ഥികളിൽ തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ക്ലാസ് തലത്തിൽ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**2022-23 വർഷത്തിലേക്കുള്ള അർഹതയുള്ള അധിക ഡിവിഷനുകളുടെ വിവരങ്ങൾ**

| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| അധിക ഡിവിഷൻ ജനറൽ | | | | | | | | | | | |
| അറബിക് | | | | | | | | | | | |
| സംസ്കൃതം | | | | | | | | | | | |
| ഉറുദു | | | | | | | | | | | |

## 2022-23 വർഷത്തിലേക്കുള്ള അധിക തസ്തികകളുടെ വിവരങ്ങൾ

| | തസ്തിക കാറ്റഗറി തിരിച്ച് | ടീച്ചിംഗ് /നോൺ ടീച്ചിംഗ് | അധിക തസ്തികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |

...............................................................................................................സ്കൂളിൽ ........../.........../.............

തീയ്യതിയിൽ കെ.ഇ.ആർ.അദ്ധ്യായം 23 ചട്ടം 12(4) പ്രകാരം നടത്തിയ ആകസ്മിക പ്രാഥമിക പരിശോധനയിൽ ആറാം പ്രവൃത്തി ദിനത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും ഹാജരും രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് മുകളിൽ കാണിച്ച അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

-------------------------

* അക്കോമഡേഷൻ പരിശോധിച്ചത് സംബന്ധിച്ച് വ്യത്യാസമുണ്ടെങ്കിൽ ആ വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

<u>പരിശോധിച്ച രേഖകൾ</u>

1.

2.

3.

4.

5.

6.

7.

**സന്ദർശന സമയത്ത് വിവരം ശേഖരിക്കുന്നതിനുള്ള മാതൃകാ ഫോറം**

**ഹാജരായ വിദ്യാർത്ഥികളിൽ തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ**

**ക്ലാസ് : ഡിവിഷൻ:**

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമ നം | അഡ്മിഷൻ നം | വിദ്യാർത്ഥിയുടെ പേര് | യു.ഐ.ഡി. നമ്പർ (ഇല്ലാത്ത കേസുകളിൽ ഡിക്ലറേഷൻ എന്ന് രേഖപ്പെടുത്തണം) | ഒന്നാം ഭാഷ* | തസ്തികനിർണ്ണയത്തിന് പരിഗണിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|
| | | | | | |
| | | | | | |

**ഹാജരാകാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ**

**ക്ലാസ് : ഡിവിഷൻ:**

(ഓരോ ഡിവിഷനും പ്രത്യേകം പ്രഫോർമ ഉപയോഗിക്കണം)

| ക്രമ നം | അഡ്മിഷൻ നം | വിദ്യാർത്ഥിയുടെ പേര് | യു.ഐ.ഡി. നമ്പർ (ഇല്ലാത്ത കേസുകളിൽ ഡിക്ലറേഷൻ എന്ന് രേഖപ്പെടുത്തണം) | ഒന്നാം ഭാഷ* | തസ്തികനിർണ്ണയത്തിന് പരിഗണിക്കുന്നുണ്ടോ ഇല്ലയോ | ഇല്ലെങ്കിൽ അതിന്റെ കാരണം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

* എൽ.പി.വിഭാഗത്തിൽ അറബിക് അഡീഷണൽ ഭാഷയായി പഠിക്കുന്നവർക്ക് ഒന്നാം ഭാഷ അറബിക് എന്ന് ചേർക്കണം.